## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 558
**06.02.2013 - ലെ മറുപടിയ്ക്ക്**

### വായ്പകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ | | **ശ്രീ. കെ.എം. മാണി**<br>ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനം എത്ര കോടി രൂപ കേന്ദ്ര സർക്കാർ വഴി വിവിധ ഏജൻസികളിൽ നിന്നും വായ്പ എടുത്തുവെന്ന് വ്യക്തമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 18.05.2011 മുതൽ 31.12.2012 വരെ വിവിധ വിദേശ ഏജൻസികളിൽ നിന്നും 774.7757 കോടി രൂപ കേന്ദ്രസർക്കാർ വഴി വായ്പ എടുത്തിട്ടുണ്ട്. |
| ബി) | ഇപ്രകാരം എടുത്ത വായ്പ ഏതൊക്കെ പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്നും ആയതിൽ മൂലധന നിക്ഷേപമായി എത്ര കോടി രൂപ വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ; | 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ താഴെപറയുന്ന പദ്ധതികൾക്കായി സംസ്ഥാന വിഹിതം അടക്കം ആകെ 1001.025 കോടി രൂപ മൂലധന നിക്ഷേപമായി വിനിയോഗിച്ചിട്ടുണ്ട്.<br>1. നാഷണൽ ഹൈഡ്രോളജി പദ്ധതി II (ലോകബാങ്ക്)<br>2. കേരള വാട്ടർ സപ്ലൈ പദ്ധതി II (ജിക്ക)<br>3. കേരള വാട്ടർ സപ്ലൈ പദ്ധതി III (ജിക്ക)<br>4. കെ.എസ്.യു.ഡി.പി.(എ.ഡി.ബി)<br>5. കെ.എൽ.ജി.എസ്.ഡി.പി.(ലോക ബാങ്ക്)<br>6. ഡ്രിപ് (ലോകബാങ്ക്)<br>7. കെ.എസ്.റ്റി.പി. (ലോകബാങ്ക്) |
| സി) | നിലവിൽ കേരളത്തിന് എത്ര കോടി രൂപയുടെ വായ്പാ ബാധ്യതയുണ്ടെന്ന് വ്യക്തമാക്കുമോ? | 31.12.2012 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം നിലവിൽ സംസ്ഥാനത്തിന്റെ കട ബാധ്യത **96,885.06** കോടി രൂപയാണ്. |

**അക്കൗണ്ട്സ് ഓഫീസർ**